## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2173 18.07.2016-ലെ മറുപടിക്ക്

### ഹയർസെക്കണ്ടറി കുട്ടികളുടെ തലയെണ്ണൽ

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ കുട്ടികളുടെ തലയെണ്ണൽ (strength verification) നടത്തുന്നുണ്ടോ ; | (എ) ഇല്ല. |
| (ബി) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ ഒരു ബാച്ചിൽ എത്ര വിദ്യാർത്ഥികൾ വേണമെന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത് ; | (ബി) ഏറ്റവും കുറഞ്ഞത് 25 വിദ്യർത്ഥികൾ വേണം. 2014-ൽ അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകളിൽ ഏറ്റവും കുറഞ്ഞത് 50 വിദ്യർത്ഥികളും വേണം. |
| (സി) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ ഓരോ വിഷയത്തിനും ബാച്ചിന് ആനുപാതികമായി എത്ര അദ്ധ്യാപക തസ്തികകളാണ് അനുവദിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ; | (സി) ബാച്ചിന് ആനുപാതികമായി അല്ല അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്. പിരിയഡിന് ആനുപാതികമായി ആണ് തസ്തികകൾ സൃഷ്ടിക്കുന്നത്. ആഴ്ചയിൽ 15 പിരിയഡുകൾ വരെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയും, 15 പിരിയഡിനു മുകളിൽ 25 പിരിയഡുവരെ എച്ച്.എസ്.എസ്.റ്റി തസ്തികയുമാണ് അനുവദിക്കുന്നത്. |
| (ഡി) ഓരോ വർഷവും പ്ലസ് ടു അഡ്മിഷൻ കഴിയുമ്പോൾ പല വിദ്യാലയങ്ങളിലും നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരം വിദ്യാർത്ഥികൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ഡി) വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ കുട്ടികളുടെ തലയെണ്ണൽ നടത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ? | (ഇ) 10-ാം ക്ലാസ്സ് വരെ നടത്തുന്നതു പോലെയുള്ള തലയെണ്ണൽ ഹയർ സെക്കന്ററിയിലും വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല. |

Latheef

സെക്ഷൻ ഓഫീസർ.